**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **19-06-2024 - ൽ മറുപടിയ്ക്ക്**

**അധ്യാപക തസ്തികനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കാരണം അധ്യാപക തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | പൊതുവിദ്യാലയങ്ങളിലെ 2023-24 വർഷത്തെ തസ്തികനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ടി വർഷത്തെ അധിക തസ്തിക അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് ലിസ്റ്റ് പോലും ആവശ്യപ്പെടാതെ നിരവധി അധ്യാപക തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടിയോ നിർദ്ദേശമോ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കെ.ഇ.ആർ അധ്യായം XIV A ചട്ടം 7A (3) പ്രകാരം “Vacancies the duration of which is less than one academic year shall not be filled up” എന്നാണ്. അതിനാൽ ഒരു വർഷത്തിൽ താഴെയുള്ളവ ചട്ടപ്രകാരം നികത്തപ്പെടുന്ന ഒഴിവുകളല്ല. വിദ്യാർത്ഥികളുടെ പഠനാവസരം തടസ്സപ്പെടാതിരിക്കുന്നതിനായി അടിയന്തിരമായി ആവശ്യമുള്ള താൽക്കാലിക ക്രമീകരണങ്ങൾ മാത്രമാണ് ചെയ്തുവരുന്നത്. ഈ വർഷവും ദിവസവേതന നിയമനം നടത്തുന്നതിനായി സർക്കാർ ഉത്തരവ്(സാധാ)നം. 3404/2024/ പൊ.വി.വ തീയതി 30/05/2024 പുറപ്പെടുവിച്ചിട്ടുള്ളതാണ് |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് അധ്യാപക തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണം വിരമിക്കൽ വഴിയുണ്ടായ തസ്തികകളാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ജില്ല | നിയമനങ്ങളുടെ എണ്ണം | വിരമിക്കൽ വഴിയുണ്ടായ തസ്തികകൾ |
|---|---|---|
| തിരുവനന്തപുരം | 1471 | 363 |
| കൊല്ലം | 872 | 248 |
| പത്തനംതിട്ട | 402 | 118 |
| ആലപ്പുഴ | 541 | 247 |
| കോട്ടയം | 368 | 112 |
| ഇടുക്കി | 383 | 165 |
| എറണാകുളം | 634 | 239 |
| തൃശ്ശൂർ | 873 | 309 |
| പാലക്കാട് | 1083 | 452 |
| മലപ്പുറം | 2791 | 390 |
| കോഴിക്കോട് | 1002 | 432 |
| വയനാട് | 456 | 118 |
| കണ്ണൂർ | 871 | 428 |
| കാസറഗോഡ് | 872 | 76 |
| ആകെ | 12619 | 3697 |

**സെക്ഷൻ ഓഫീസർ**